Talented Bankers Literary Panel
പുസ്തക പരിചയം 147

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
എടമുട്ടംശാഖ.

ഹിമാലയം
ഷൌക്കത്ത്.

2007ലെ മികച്ച യാത്രാ വിവരണത്തിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതി.

ഷൌക്കത്ത്.
മതവിശ്വാസത്തിൽ നിന്ന് യുക്തിവാദത്തിലേക്ക്...
അവിടെനിന്ന് അവധൂതൻമാരുടെയും സൂഫികളുടെയും സാന്നിധ്യങ്ങലിലേക്ക്...
ഒടുവിൽ ഗുരു നിത്യയുടെ ശിഷ്യൻ...

സുഹൃത്ത് ധനുഷ് ആണ് ഷൗക്കത്തിനെ പറ്റി പറഞ്ഞത്....അന്നേ നോട്ടമിട്ടിരുന്നു സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച ഈ യാത്രാവിവരണം.... അല്പം വൈകിയെങ്കിലും സംതൃപ്തിയോടെ, ആനന്ദത്തോടെ, മനസ്സുകൊണ്ട് ഹിമാലയം കയറി....

ഹിമാലയം

ഇതൊരു വെറും യാത്രാവിവരണം അല്ല. കാഴ്ചകളല്ല, കാഴ്ചപ്പാടുകളാണ് എഴുത്തുകാരൻ നമുക്ക് പകർന്നു തരുന്നത്.

മനുഷ്യന്റെ അവസ്ഥകളും, ഭക്തി, കാമം, ബ്രഹ്മചര്യം എന്നിങ്ങനെ എല്ലാം ഇതിൽ കടന്നുവരുന്നു... എന്തിൽ നിന്നും ഒളിച്ചോടാനുള്ളതു മാർഗ്ഗമല്ല ഭക്തിയെന്നും, ഭക്തിയുടെ അർഥം പ്രകാശത്തോട്, പ്രശാന്തിയോട്, ഹൃദയത്തിൽ അനുഭവിക്കാവുന്ന മൗനത്തോട് ലയിച്ചു ചേരുക എന്നാണെന്നും അദ്ദേഹം പറയുന്നു..

സത്യം എന്ന് നമുക്ക് തോന്നുന്ന കൊച്ചു വൃത്തത്തിൽ നിന്നുകൊണ്ട് ചിന്തിക്കുമ്പോൾ നാമും ഗംഗയെ പോലെ തന്നെയെന്ന് ഷൌക്കത്ത് പറയുന്നു... അമ്മയുടെ ഗർഭപാത്രത്തിൽ നിന്നും പുറത്തുവന്ന നമ്മളെ നോക്കി വാൽസല്യത്തോടെ പലരും ആനന്ദിക്കുന്നു... ഉത്ഭവശേഷം പനിനീർ പോലെ ഒഴുകുന്ന ഗംഗയെപ്പോലെ... വലുതായി വലുതായി വരുന്തോറും അശ്രീകരം നമ്മിൽ നിറയുന്നു...വളർന്നുവന്ന കാശിയിലെ

ഗംഗ പോലെ വൃത്തിഹീനം ആകുന്നു. ഒടുവിൽ കടലിലേക്ക് ലയിക്കാറാകുമ്പോൾ എല്ലാ മാലിന്യങ്ങളും പേറേണ്ടിവരുന്നു. ഒടുവിൽ പഴയ സഹജസ്വരൂപത്തിലേക്ക് നീരാവിയായി മഞ്ഞുമഴയായി തിരിച്ചു പോകുന്നു...

"സുഖം ആകാശത്തുനിന്നും പൊട്ടിവീഴുന്ന അത്ഭുതമല്ല, ഹൃദയം വിശാലമാകുമ്പോൾ വന്നുനിറയുന്ന നിർവൃതിയാണ്.
പ്രകൃതിയുടെ വിശാലമായ ദൃശ്യത്തിനു മുന്നിൽ നമ്മുടെ ഹൃദയവും അറിയാതെ വിശാലതയെ പ്രാപിക്കുന്നു."

"സ്ഥലം അല്ല പ്രധാനം, പോകുന്ന ആളുടെ വിശ്വാസമാണ്. അമ്പലത്തിലും പള്ളിയിലും മസ്ജിദിലും ഒന്നും ഒരു ഊർജ്ജവും ഇല്ല. അവിടെ ഊർജ്ജം ഉണ്ട് എന്ന് തോന്നുന്നത്, അനുഭവിക്കാൻ ആവുന്നത് ഒരു വിശ്വാസിക്ക് മാത്രമാണ്. അത് അവന്റെ നിഷ്കളങ്കമായ ഭക്തിയിൽ നിന്നും ഉണർന്നു വരുന്നതാണ്"

15 വയസ്സിന് മുമ്പ് ഒരിക്കലെങ്കിലും പത്തു ദിവസം ഹിമാലയത്തിൽ ചുറ്റിക്കറങ്ങാൻ ഒരു കുട്ടിക്ക് അവസരം കിട്ടിയെങ്കിൽ അവനിൽ ഉന്നതമായ മൂല്യബോധം വന്നു ചേരുമെന്നും ഹൃദയം സങ്കുചിതത്വത്തെ വിട്ട് വിശാലതയിലേക്ക് വ്യാപിക്കുമെന്നും എഴുത്തുകാരൻ കരുതുന്നു.

പ്രസാധകർ - മാതൃഭൂമി
വില - Rs. 360/-